പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1613 11.08.2017-ലെ മറുപടിക്ക്

# റിസർവ് കണ്ടക്ടർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ റിസർവ് കണ്ടക്ടർ നിയമനത്തിനായി 31.12.2016-ൽ കാലാവധി അവസാനിച്ച പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും നാലായിരം എൻ.ജെ.ഡി ഒഴിവുകളിലേക്ക് KCRV (2) 2240/2010 നമ്പർ കത്ത് പ്രകാരം 31.12.2016-ൽ പി.എസ്.സി. നിയമന ശിപാർശ ചെയ്ത് ഏഴ് മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | എൻ.ജെ.ഡി ഒഴിവുകളായിട്ടും നിയമനം നൽകാൻ കാലതാമസം നേരിടുന്നതിന് കാരണം വിശദമാക്കാമോ; എത്രനാൾക്കകം ഇവർക്ക് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | കോർപ്പറേഷനിൽ യഥാർത്ഥത്തിൽ നിലവില്ലുണ്ടായിരുന്ന 3808 ഒഴിവുകൾക്ക് പകരം 8140 ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ പി.എസ്.സി 9300 പേർക്ക് നിയമന ശുപാർശ നൽകുകയും, യഥാർത്ഥ ഒഴിവുകളായ 3808 പേർക്ക് മാത്രം കെ.എസ്.ആർ.ടി.സി നിയമന ഉത്തരവ് നൽകുകയും ചെയ്ത സാഹചര്യത്തിൽ നിലവിലെ NJD ഒഴിവുകളിലും, ഭാവിയിൽ ഉണ്ടാകുന്ന NJD ഒഴിവുകളിലും ടി 9300 പേരിൽ നിന്നും നിയമനം നടത്താൻ പി.എസ്.സി അനുവദിച്ച സാഹചര്യത്തിലാണ് ടി 9300 പേർക്കും നിയമനം അനുവദിച്ചത്. മാത്രമല്ല ഓരോ നിയമന ഘട്ടത്തിലേയും NJD ഒഴിവുകൾ, പ്രസ്തുത എണ്ണത്തിന് പകരമായി നിയമന ശുപാർശ നൽകേണ്ടതില്ല എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പി.എസ്.സി.യിൽ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ നിയമന ഘട്ടത്തിലും സൃഷ്ടിക്കപ്പെടുന്ന NJD ഒഴിവുകൾ അടുത്ത നിയമന ഘട്ടത്തിൽ നികത്തിയതിനാലാണ് |

| | | | |
|---|---|---|---|
| | | | പകരം നിയമന ശുപാർശ അനുവദിക്കുന്ന തെന്ന വ്യവസ്ഥ കോർപ്പറേഷൻ ഉൾപ്പെടുത്തിയത്. എന്നാൽ പി.എസ്.സി 4051 ഉദ്യോഗാർത്ഥികൾക്ക് 31.12.16-ന് വീണ്ടും നിയമനോപദേശം നൽകുകയും, പ്രസ്തുത നിയമന പട്ടിക നിയമനം അനുവദിക്കുന്നതിനായി കെ.എസ്.ആർ.ടി.സിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം കോർപ്പറേഷൻ ഒരിക്കൽ നിയമനം അനുവദിച്ച NJD ഒഴിവുകളിൽ വീണ്ടും നിയമനം നൽകേണ്ട സാഹചര്യമാണ് സംജാതമായിരിക്കുന്നത്. നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണത്തിനു വേണ്ടി പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിരിക്കുകയാണ്. ഈ പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് ഡ്യൂട്ടി പാറ്റേണുകളിൽ മാറ്റം വരുത്തിയപ്പോൾ (ഡബിൾ ഡ്യൂട്ടി സിംഗിൾ ഡ്യൂട്ടിയായി) നിലവിൽ കോർപ്പറേഷനിൽ ജീവനക്കാർ അധികമായി വരും. ആയതിനാൽ പ്രൊഫസർ സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി ഡ്യൂട്ടികൾ പുന:ക്രമീകരിച്ചതിനു ശേഷം ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടിയുമായി കോർപ്പറേഷൻ മുന്നോട്ട് പോകും. |
| (സി) | റിസർവ് കണ്ടക്ടർ തസ്തികയിൽ ഇപ്പോൾ താൽക്കാലിക ജീവനക്കാർ (എംപാനൽ) ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഇവരെ ഒഴിവാക്കി പി.എസ്.സി. നിയമന ശിപാർശ ചെയ്തവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. അടിയന്തിര ഘട്ടങ്ങളിലും സ്ഥിരം ജീവനക്കാരുടെ അവധി കാലയളവിലും സുഗമമായി സർവ്വീസ് നടത്തുവാൻ വേണ്ടി മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല ടി ജീവനക്കാരുടെ നിയമനം, ജോലിയിൽ നിന്നും മാറ്റി നിർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹു:ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഹർജികളിന്മേലുള്ള അന്തിമവിധിക്ക് അനുസരിച്ച് മാത്രമേ കോർപ്പറേഷൻ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**